"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പി.എം.എ.വൈ. (ജി) പദ്ധതി - 2024-25 സാമ്പത്തിക വർഷത്തിലെ ഒന്നാം ഗഡു (Tranche - 1), കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും ചേർത്ത് ആകെ **5,19,80,000**/- രൂപ (അഞ്ച് കോടി പത്തൊൻപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1693/2024/LSGD തീയതി,തിരുവനന്തപുരം, 12-09-2024

---

പരാമർശം:-

1. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 05.09.2024 ലെ J-11014/1/2024-RH DO No. L11012/2019-RH(M&T) (e 368127) നമ്പർ കത്ത്.
2. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 06.09.2024 ലെ J-12023/2/2024-RH Accts. (389471) നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.09.2024 ലെ LSGD/PD/30982/2024-CSSA1 നമ്പർ കത്ത്.

**ഉത്തരവ്**

ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യമുള്ളതും ഗുണനിലവാരമുള്ളതുമായ വീടുകൾ നൽകുന്നതിനായി പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം 36,067 വീടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പരാമർശം 1 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 15/09/2024 ൽ നടക്കുന്ന പദ്ധതി രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ബഹു. പ്രധാനമന്ത്രി രാജ്യത്തൊട്ടാകെ 10 ലക്ഷം ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു ധനസഹായം വിതരണം നടത്തുന്നതിൽ, സംസ്ഥാനത്ത് 5000 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു ധനസഹായം വിതരണ ചെയ്യേണ്ടതിനായി കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഗഡുവായി (Tranche-1) 66,02,00,000/- രൂപ പരാമർശം 2 പ്രകാരം അനുവദിച്ചിരുന്നു.

5000 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു ധനസഹായം (ഒരാൾക്ക് 48,000/- രൂപ വീതം)

അനുവദിക്കുന്നതിനായി, പി.എം.എ.വൈ. (ജി) പദ്ധതിയ്ക്ക് 2024-25 വർഷത്തിലെ ഒന്നാം ഗഡു (Tranche -1), കേന്ദ്ര വിഹിതമായി അനുവദിച്ച 66,02,00,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 44,01,33,333/- രൂപയും ചേർത്ത് ആകെ 110,03,33,333/- രൂപ നിർദ്ദിഷ്ട ശീർഷകങ്ങളിൽ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (ജി) പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷത്തിലെ ഒന്നാം ഗഡുവായി (Tranche -1), ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നീ കാറ്റഗറികളിലെ കേന്ദ്ര വിഹിതമായി 3,11,88,000 രൂപയും ആനുപാതിക സംസ്ഥാന വിഹിതമായി 2,07,92,000 രൂപയുമുൾപ്പെടെ ആകെ 5,19,80,000/- രൂപ (അഞ്ച് കോടി പത്തൊൻപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) താഴെ പറയുന്ന ശീർഷകങ്ങളിൽ നിന്നും അനുവദിച്ചും, പ്രസ്തുത തുക പി.എം.എ.വൈ.(ജി) യുടെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് (SBI, തിരുവനന്തപുരം മെയിൻ ശാഖ അക്കൗണ്ട് നമ്പർ: 677331730331, IFSC: SBIN0070028) മാറ്റുവാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കാറ്റഗറി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| 2501-06-197-48(11) (GI) | 1,83,00,000 | | 1,83,00,000 |
| 2501-06-197-48(12) (GI) | | 1,22,00,000 | 1,22,00,000 |
| 2501-06-789-98(01) (SCP) | 1,18,80,000 | | 1,18,80,000 |

| | | | |
|---|---|---|---|
| 2501-06-789-98 (02) (SCP) | | 79,20,000 | 79,20,000 |
| 2501-06- 796-98 (01)<br><br>(TSP) | 10,08,000 | | 10,08,000 |
| 2501-06- 796-98 (02) (TSP) | | 6,72,000 | 6,72,000 |
| **ആകെ** | 3,11,88,000 | 2,07,92,000 | 5,19,80,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 13-09-2024 09:54:17

സെക്ഷൻ ഓഫീസർ